ബാധകമാകുന്നതാണ്. വിരമിക്കുമ്പോൾ ലഭിക്കുന്ന ആനുകൂല്യം, കുട്ടികൾക്കുള്ള വിദ്യാഭ്യാസം, സ്കോളർഷിപ്പുകൾ, പെൺമക്കളുടെ വിവാഹത്തിനുള്ള ധനസാഹായം എന്നിവ ഈ ക്ഷേമനിധിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇവയുടെ ആനുകൂല്യം മെഡിക്കൽ ഷോപ്പ് ജീവനക്കാർക്കും ലഭ്യമാകുന്നതാണ്.

(ഡി) 4-8-1997-ൽ പ്രസിദ്ധീകരിച്ച ജി.ഒ.(ആർ.ടി.) 2267/97/തൊഴിൽ വിജ്ഞാപനം അനുസരിച്ച് കടകളും വാണിജ്യസ്ഥാപനങ്ങളും ഉൾപ്പെടുന്ന മേഖലയിലെ മിനിമം വേതന വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള മെഡിക്കൽ ഷോപ്പിലെ ഫാർമസിസ്റ്റ് അല്ലാത്ത ജീവനക്കാരുടെ മിനിമം വേതനത്തിന്റെ അഞ്ചു വർഷ കാലാവധി 2002 ആഗസ്റ്റിൽ പൂർത്തിയായിട്ടുണ്ട്. ഈ മേഖലയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റു വിഭാഗം ജീവനക്കാരുടെ മിനിമം വേതനം 31-3-2003-ലെ 924/2003/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

## ക്ഷേമനിധി ബോർഡുകളുടെ ആസ്തി

66 [2838] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓരോ ക്ഷേമനിധി ബോർഡുകളുടെയും ആസ്തിയെപ്പറ്റി വെളിപ്പെടുത്താമോ?

## ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ബോണസ് നൽകാൻ നടപടി

67 [2839] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട് പെൻഷൻ പദ്ധതികൾ നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ബോർഡിനു കീഴിലും ഇപ്പോൾ എത്ര തൊഴിലാളികൾക്ക്, എന്തു തുക വീതം പെൻഷൻ നൽകിവരുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാരിന്റെ സഹായത്തോടെയുള്ള പെൻഷൻ പദ്ധതികൾ ഏതൊക്കെ; ഇവയിൽ ഓരോന്നിലും പെൻഷൻ തുകയിൽ സർക്കാർ വിഹിതം എത്ര വീതം;

(ഡി) ഏതെങ്കിലും ബോർഡുകളിൽ സർക്കാർ നൽകേണ്ട വിഹിതം കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എത്ര വീതം;

(ഇ) സംസ്ഥാന കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉള്ള തൊഴിലാളികൾക്ക് ബോണസ് നൽകണമെന്ന ആവശ്യം പരിഗണനയിൽ ഉണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില തൊഴിലാളി ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട് പെൻഷൻ പദ്ധതികൾ നിലവിലുണ്ട്.

(ബി) ഉത്തരം അനുബന്ധം - 1 ൽ ചേർത്തിരിക്കുന്നു.†

(സി) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി പദ്ധതി പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് വിരമിച്ച 11266 കശുവണ്ടി തൊഴിലാളികൾക്ക് 125 രൂപ വീതം പെൻഷൻ നൽകാൻ സർക്കാർ തുക അനുവദിക്കുന്നുണ്ട്.

കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ 60 വയസ്സ് പൂർത്തിയായ പരമ്പരാഗത ചുരുട്ട് തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ 100 രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. കർഷകത്തൊഴിലാളികൾക്ക് പ്രതിമാസം 120 രൂപ പെൻഷൻ നൽകുന്നുണ്ട്.

(ഡി) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി പദ്ധതി പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്ക് 9/2003 മുതൽ 2/2005 വരെയുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിനായി 2,63,05,650 രൂപ സർക്കാർ നൽകേണ്ടതുണ്ട്. 2004-05 വർഷത്തിൽ ചുരുട്ട് തൊഴിലാളി പെൻഷൻ ഇനത്തിൽ 2,02,610 രൂപ സർക്കാർ വിഹിതം നൽകുവാനുണ്ട്.

(ഇ) പരിഗണനയിൽ ഇല്ല.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ

68 [2840] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങളായി ഓരോ ഇനത്തിലും എത്ര രൂപ വീതം കൊടുത്തു തീർക്കുവാനുണ്ട്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം V

[16-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 67(2839) സദയം കാണുക]

| ക്ഷേമനിധി ബോർഡിന്റെ പേര് | പെൻഷൻ നല്കുന്ന തൊഴിലാളികളുടെ എണ്ണം | പെൻഷൻ നിരക്ക് (രൂപ) |
|---|---|---|
| 1. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് | 51,000 | പ്രതിമാസം 200 മുതൽ സർവ്വീസിന്റെ അടിസ്ഥാനത്തിൽ |
| 2. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 27,665 (തൊഴിലാളികൾ)<br>2529 (സ്റ്റാഫ്) | 125/<br>200 |
| 3. കേരള തയ്യൽതൊഴിലാളി ക്ഷേമനിധി ബോർഡ് | 4049 | 100 മുതൽ 430 വരെ |
| 4. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് | 407 (സൂപ്പർ ആനുവേഷൻ പെൻഷൻ)<br>197 (ഫാമിലി പെൻഷൻ)<br>163 (ഇൻവാലിഡ് പെൻഷൻ) | 250 മുതൽ 2400 വരെ<br>125 മുതൽ 1200 വരെ<br>250 |
| 5. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 17 | 150 മുതൽ 200 വരെ |
| 6. കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 606 | 100 |
| 7. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 1041 | 200 മുതൽ സർവ്വീസ് അടിസ്ഥാനത്തിൽ |
| 8. കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 12,451 | 150 മുതൽ 230 |
| 9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 7617 | 100 |

2/654/2012—34a.

LIBRARY ARCHIVES Kerala Legislative Assembly